# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 964**

**30.09.2016 - ൽ**
**മറുപടിക്ക്**

## നീര ഉല്പാദനം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് നീര ഉല്പാദനത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽ നിന്നും നീരയും, തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലന പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുമുണ്ട്. നീര പൈലറ്റ് പ്രോജക്റ്റിന്റെ ചെലവുകൾക്കായി 130.00 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു. നീരയുടെ വിപണന ചുമതല നാളികേര വികസന കോർപ്പറേഷന് നൽകിക്കൊണ്ട് ചെലവുകൾക്കായി 180.00 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീൻ മുഖേനയും, ഇടപ്പള്ളിയിലുള്ള വില്പന കേന്ദ്രങ്ങളിലൂടെയും നീര വിപണനം നടത്തി വരുന്നു. പൈലറ്റ് പ്രോജക്ടുമായി ബന്ധപ്പെട്ട് നീര ഉല്പാദനത്തിനുള്ള പൈലറ്റ് പ്രോജക്ടുകൾ കാർഷിക സർവ്വകലാശാല സംഘടിപ്പിച്ചിട്ടുണ്ട്. 22/06 /15 തീയതിയിലെ സ.ഉ.(എം.എസ്.)നം.111/2015/കൃഷി പ്രകാരം നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവായിട്ടുണ്ട്. 22/03/2016-ലെ സ.ഉ.(എം.എസ്)നം. 57/2016/കൃഷി പ്രകാരം നീര ഉൽപാദക യൂണിറ്റുകൾ സ്ഥാപിക്കുന്ന നാളികേര ഉത്പാദക സൊസൈറ്റികൾ /ഫെഡറേഷനുകൾ / കൃഷി വകുപ്പിനു കീഴിലുള്ള ഏജൻസികൾക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് സഹായ ധനമായി ചെലവിന്റെ 25% പരമാവധി 50.00 ലക്ഷം രൂപ സഹായധനം അനുവദിക്കുന്നതാണ്. നീര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിനായി 10,000 രൂപ അനുവദിക്കുന്നുണ്ട്. |
| ബി) ഏതൊക്കെ ഏജൻസി മുഖേനയാണ് നീര ഉല്പാദനം നടത്തുന്നതെന്നും, ഇതിന് സർക്കാർ എത്ര തുക നീക്കി വെച്ചുവെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) കേരള കാർഷിക സർവ്വകലാശാല, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, നാളികേര വികസന ബോർഡിനു കീഴിലുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ /ഫെഡറേഷനുകൾ എന്നിവയിലൂടെ നീര ഉല്പാദനം നടത്തുന്നുണ്ട്. 2015-16 ൽ കൈപ്പുഴ നാളികേര ഉല്പാദക കമ്പനി, കുറ്റിയാടി ഫാർമേഴ്സ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി, കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി എന്നിവയ്ക്ക് നീര ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 50.00 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. 2016-17 ലെ ബഡ്ജറ്റിൽ നീര ടെക്നീഷ്യൻ പരിശീലനത്തിനായി 50.00 ലക്ഷം രൂപയും, നീര ഉല്പാദക യൂണിറ്റ് സ്ഥാപിക്കുന്നതിനായി 150.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| സി) നീരയുടെ ഉല്പാദനം സംസ്ഥാനത്ത് ലാഭകരമായി മുന്നോട്ട് പോകുന്നുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ ഏജൻസികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) നാളികേര വികസന ബോർഡിനു കീഴിലുള്ള നാളികേര ഉല്പാദക സൊസൈറ്റികളിലൂടെയും, ഫെഡറേഷനുകളിലൂടെയും, നീര ഉല്പാദനം ലാഭകരമായി നടപ്പിലാക്കി വരുന്നു. കേരള കാർഷിക സർവ്വകലാശാലയിൽ പടന്നക്കാട് കാർഷിക കോളേജിലും വെള്ളായണിയിലെ ഇൻസ്ട്രക്ഷണൽ ഫാമിലും സ്ഥാപിച്ചിട്ടുള്ള നീര പൈലറ്റ് യൂണിറ്റുകൾ മുഖേന നീര ഉൽപ്പാദനവും വിതരണവും നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**